മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ):

(എ) 6-10-2008-ലെ സർക്കാർ ഉത്തരവ് (സാധാ)നമ്പർ 1154/08/വ്യവ. പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള സർക്കാരിന്റെ പുതിയ സെസ്സ് നയം അനുസരിച്ചാണ് സെസ്സ് ലഭിക്കുന്നതിനുള്ള അപേക്ഷകൾ കേന്ദ്ര സർക്കാരിലേക്ക് ശിപാർശ ചെയ്യുന്നത്.

(ബി) തൃശ്ശൂർ കൊരട്ടി ഇൻഫോ പാർക്കിന് കൂടുതൽ സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് സെസ്സ് പദവി നേടുന്ന കാര്യം പരിഗണനയിലാണ്.

(സി) 1. ഇൻഫോ പാർക്ക്, കൊച്ചി ഒന്നാംഘട്ടം -78 ഏക്കർ

2. ഇൻഫോ പാർക്ക്, ചേർത്തല -60 ഏക്കർ

3. ഇൻഫോ പാർക്ക്, അമ്പലപ്പുഴ -33 ഏക്കർ

4. ഇൻഫോ പാർക്ക്, കൊച്ചി രണ്ടാംഘട്ടം -31 ഏക്കർ

(ഡി) 6-10-2008-ലെ സർക്കാർ ഉത്തരവ് (സാധാ)നമ്പർ 1154/08/വ്യവ. പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള സർക്കാരിന്റെ പുതിയ സെസ്സ് നയം അനുസരിച്ചാണ് സെസ്സ് ലഭിക്കുന്നതിനുള്ള അപേക്ഷകൾ കേന്ദ്ര സർക്കാരിലേക്ക് ശിപാർശ ചെയ്യുന്നത്.

അക്ഷയ കേന്ദ്രങ്ങളുടെ പ്രവർത്തനം വ്യാപിപ്പിക്കുന്നതിന് നടപടി

25(*175) ശ്രീ. എ. സി. മൊയ്തീൻ :
ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് :
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :
ശ്രീ. അൽഫോൺസ് കണ്ണന്താനം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അക്ഷയ കേന്ദ്രങ്ങളുടെ പ്രവർത്തനം വ്യാപിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) ഇപ്പോൾ സംസ്ഥാനത്ത് എത്ര അക്ഷയ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു എന്ന് വെളിപ്പെടുത്തുമോ ;

(സി) അക്ഷയ കേന്ദ്രങ്ങളിൽ നിന്നും പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന ഇലക്ട്രോണിക് സേവനങ്ങൾ എന്തെല്ലാമാണ് ;

(ഡി) അക്ഷയ കേന്ദ്രങ്ങളിൽ ഏതെല്ലാം കോഴ്സുകൾ പഠിക്കുന്നതിന് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ഇ) അക്ഷയ കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് പ്രത്യേക സഹായം നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ):

(എ) അക്ഷയകേന്ദ്രങ്ങളുടെ പ്രവർത്തനം വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി സർക്കാർ, സർക്കാരിതര സ്ഥാപനങ്ങളുമായി കൂടി ആലോചിച്ച് അവരുടെ സർവ്വീസുകൾ സുതാര്യവും സമയബന്ധിതവുമായി അക്ഷയ സെന്ററുകൾ വഴി പൊതുജനങ്ങൾക്ക് ഉപകാരപ്രദമായി നടപ്പിലാക്കികൊണ്ടിരിക്കുന്നു. ഇ-സാക്ഷരത, 10 മുതൽ 18 വയസ്സുവരെയുള്ള കുട്ടികൾക്കുവേണ്ടി തയ്യാറാക്കിയിട്ടുള്ള ഇന്റർ ആക്ടീവ് പഠന പദ്ധതിയായ ഇന്റർ ലേൺ, കമ്പ്യൂട്ടർ സാക്ഷരത നേടിയ ആളുകൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സാമ്പത്തിക സഹകരണത്തോടെ നൽകുന്ന തുടർ പഠന പദ്ധതിയായ ഇ-വിദ്യ അക്ഷയ കേന്ദ്രങ്ങൾ വഴി നടപ്പിലാക്കുന്നു. കെൽട്രോൺ മെഡിക്കൽ ട്രാൻസ്ക്രിപ്ഷൻ, ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റിയുടെ എം.സി.എ., എം.കോം തുടങ്ങിയ മാസ്റ്റർ ബിരുദ കോഴ്സുകൾ ബി.സി.എ., ബി.കോം തുടങ്ങിയ ബിരുദ കോഴ്സുകൾ. സി.എൽ.പി., സി.ഐ.ടി. തുടങ്ങിയ സർട്ടിഫിക്കറ്റ് കോഴ്സുകൾ തുടങ്ങിയവ തെരഞ്ഞെടുത്ത അക്ഷയ സെന്ററുകളിലൂടെ നടപ്പിലാക്കുന്നു. കാഴ്ച വൈകല്യമുള്ളവർക്ക് വേണ്ടി പ്രത്യേക ഡിസൈൻ ചെയ്ത കമ്പ്യൂട്ടർ പഠന പദ്ധതിയായ ഇൻസൈറ്റ് അക്ഷയവഴി നടപ്പിലാക്കുന്നു. സംരംഭകരില്ലാത്ത 150 ഓളം അക്ഷയ കേന്ദ്രങ്ങൾ തുറന്ന് പ്രവർത്തിക്കുന്നതിനു വേണ്ടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ സംരംഭകരെ തെരഞ്ഞെടുക്കുകയും അക്ഷയ കേന്ദ്രങ്ങൾ പ്രവർത്തനമാരംഭിക്കുകയും ചെയ്തു. നവമ്പർ 18-ന് അക്ഷയ ദിന പ്രചാരണത്തോടനുബന്ധിച്ച് കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള അക്ഷയ ജനസേവന പ്രചാരണയാത്ര സംഘടിപ്പിക്കുകയും സാധാരണ ജനങ്ങൾക്ക് അക്ഷയയുടെ സേവനങ്ങളെക്കുറിച്ചുള്ള അറിവ് നൽകുകയും ചെയ്തു. തത്ഫലമായി അടുത്ത മാസം മുതൽ അക്ഷയ സംരംഭകരുടെ വരുമാനം വർദ്ധിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് 2069 അക്ഷയ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു.

(സി) അക്ഷയ വഴി നടപ്പാക്കി വരുന്ന സേവനങ്ങൾ താഴെപ്പറയുന്നവയാണ്:

G2G സേവനങ്ങൾ: സ്പാർക്ക് ട്രെയിനിംഗ്, മലയാളം കമ്പ്യൂട്ടിംഗ് ട്രെയിനിംഗ്, ANERT ഊർജ്ജ വിനിയോഗ സർവ്വേ, കേരള ഇന്നവേഷൻ ഫൗണ്ടേഷൻ മുതലായവ.

G2B സേവനങ്ങൾ: ഇ-ഫയലിംഗ്, ഇ-കൺസൈന്റ്മെന്റ് മുതലായവ

G2C സേവനങ്ങൾ: ഇ-പേമെന്റ്, ഇ-ടിക്കറ്റിംഗ്, തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഹെൽപ്പ് ഡെസ്ക്, എ.പി.എൽ. കാർഡുടമകളുടെ ആരോഗ്യ ഇൻഷ്വറൻസ്,

LIBRARY ARCHIVES Kerala Legislative Assembly

രജിസ്ട്രേഷൻ, ഇ-മണൽ , റേഷൻ കാർഡിനുള്ള ഓൺലൈൻ അപേക്ഷ, ഇ-കൃഷി, എന്റെ ഗ്രാമം ഇ-ഗ്രാൻസ്, ജനമൈത്രി പോലീസ് സ്റ്റേഷനുകളിലെ ഹെൽപ്പ് ഡെസ്ക്ക്, എൽ.ഐ.സി. മൈക്രോ ഇൻഷ്വറൻസ്, സവിശേഷ തിരിച്ചറിയൽ നമ്പർ (UIDAI) രജിസ്ട്രേഷൻ, ആരോഗ്യ ഇൻഷ്വറൻസ് (RSBY), കെ.എൻ.ആർ.കെ യുടെ ഫണ്ട് സബ്സ്ക്രിപ്ഷൻ സമാഹരണം, ഇ-ഡിസ്ട്രിക്ട് സേവനങ്ങൾ മലയാളം കമ്പ്യൂട്ടിംഗ് ട്രെയിനിംഗ്, കൂടാതെ വിദ്യാഭ്യാസ പരിപാടികളായ ഇന്റൽ ലേൺ, ഇ-വിദ്യ, ഡെയാക്-ഇഗ്നോ എന്നീ സ്ഥാപനങ്ങളിലൂടെ കോഴ്സുകൾ, കെൽട്രോൺ മെഡിക്കൽ ട്രാൻസ്ക്രിപ്ഷൻ, ഇൻസൈറ്റ് പ്രോഗ്രാം മുതലായവ അക്ഷയ വഴി നടപ്പാക്കുന്ന സേവനങ്ങളാണ്.

(ഡി) മലയാളം കമ്പ്യൂട്ടിംഗ്, വിദ്യാഭ്യാസ പരിപാടികളായ ഇന്റർ ലേൺ, ഇ-വിദ്യ, ഡെയാക്-ഇഗ്നോ എന്നീ സ്ഥാപനങ്ങളിലൂടെ കോഴ്സുകൾ, കെൽട്രോൺ മെഡിക്കൽ ട്രാൻസ്ക്രിപ്ഷൻ, ഇൻസൈറ്റ് പ്രോഗ്രാം മുതലായവ അക്ഷയ വഴി നടപ്പാക്കുന്ന സേവനങ്ങളാണ്.

(ഇ) അക്ഷയകേന്ദ്രങ്ങളിലൂടെ കൂടുതൽ സേവനങ്ങൾ നൽകുക വഴി അക്ഷയ സംരംഭകരുടെ വരുമാന വർദ്ധനവുണ്ടാകുന്നതിലൂടെ അക്ഷയ സംരംഭകർക്ക് അടിസ്ഥാന സൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്താവുന്നതാണ്.

ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടി

26(*176) ശ്രീ. സി. കെ. പി. പത്മനാഭൻ :
ശ്രീ. എം. ചന്ദ്രൻ :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ :

(ബി) സർക്കാരിന്റെ വിവിധ വികസന പ്രവർത്തനങ്ങൾ ജനങ്ങളിലെത്തിക്കാൻ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ;

(സി) സർക്കാരിന്റെ നവീകരിച്ച വെബ്പോർട്ടലിലൂടെ ലഭ്യമാകുന്ന വിവരങ്ങൾ എന്തെല്ലാമാണ്;

(ഡി) ഇ-മെയിലിലൂടെ മന്ത്രിമാരെ ബന്ധപ്പെടാൻ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly